പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7221

11.07.2014 ൽ മറുപടിക്ക്

## മലബാറിലെ പാചകവാതക വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | മലബാറിൽ പാചകവാതക വിതരണത്തിൽ പലപ്പോഴും തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ചേളാരി പ്ലാന്റിൽ ജൂൺമാസത്തിൽ സിലിണ്ടർ വിതരണം സ്തംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ചേളാരി പ്ലാന്റിന്റെ പ്രവർത്തനം കയറ്റിറക്ക് കോൺട്രാക്റ്റ് ജോലിക്കാരുടെ മെല്ലെപ്പോക്ക് നയം മൂലം 11.06.2014 മുതൽ 21.06.2014 വരെ ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. കൂടാതെ ഹൗസ് കീപ്പിംഗ് കോൺട്രാക്ട് ജോലിക്കാരുടെ സമരം മൂലം പ്ലാന്റിന്റെ പ്രവർത്തനം 23.06.2014 മുതൽ 03.07.2014 വരെ മൊത്തമായും തടസ്സപ്പെട്ടിട്ടുണ്ട്. |
| (സി) | എന്തുകൊണ്ടാണ് അടിക്കടി സിലിണ്ടർ വിതരണം സ്തംഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | കയറ്റിറക്ക് കോൺട്രാക്റ്റ് തൊഴിലാളികളുടെയും ഹൗസ്കീപ്പിംഗ് ജീവനക്കാരുടെയും, ട്രക്ക് തൊഴിലാളികളുടെയും, വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെയും അടിക്കടി ഉണ്ടാകുന്ന സമരങ്ങൾ മൂലം സിലിണ്ടർ വിതരണം സ്തംഭിക്കാറുണ്ട്. |
| (ഡി) | പാചകവാതകവിതരണം അവശ്യ സർവ്വീസ് നിയമത്തിൽ കൊണ്ടുവന്ന് വിതരണ നടപടികൾ ത്വരിതപ്പെടുത്തുമോ? | (ഡി) | പാചകവാതകവിതരണം അവശ്യ സർവ്വീസ് നിയമത്തിൻ കീഴിൽ കൊണ്ടുവന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ